LIBRARY ARCHIVES Kerala Legislative Assembly

കാർഷിക വായ്പ

105 [1183] ശ്രീ ടി. യു. രാധാകൃഷ്ണൻ:
„ ടി. വി. ചന്ദ്രമോഹൻ:
ശ്രീമതി. മേഴ്സി രവി:
ശ്രീ ലൂഡി ലൂയിസ്

,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയുടെ ആദ്യ നൂറുദിവസത്തെ പ്രവർത്തന പരിപാടിയിൽ എത്ര കർഷകർക്ക് കാർഷിക വായ്പ കൊടുക്കാനുദ്ദേശിച്ചിരുന്നു ;

(ബി) ഇക്കാലത്ത് എത്ര കർഷകർക്ക് കാർഷിക വായ്പ നൽകി;

(സി) ആകെ എന്ത് തുക ഈ കാലത്ത് കാർഷിക വായ്പയായി നൽകി?

ഉത്തരം

(എ) ഈ മന്ത്രിസഭയുടെ ആദ്യ നൂറുദിവസത്തെ പ്രവർത്തന പരിപാടിയിൽ കാർഷിക വായ്പ കൊടുക്കുന്നതിനായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിരുന്നില്ല.

(ബി) കൃഷിവകുപ്പ് നേരിട്ട് കർഷകർക്ക് വായ്പ നൽകുന്നില്ല. വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേനയാണ് കർഷകർക്ക് വായ്പ അനുവദിക്കുന്നത്. ഇക്കാലത്ത് 99,889 കർഷകർക്ക് സഹകരണസംഘങ്ങൾ/ബാങ്കുകൾ വഴി കാർഷിക വായ്പ നൽകിയിട്ടുണ്ട്.

(സി) ഈ കാലത്ത് സഹകരണ സംഘങ്ങൾ/ബാങ്കുകൾ വഴി 170.75 കോടി രൂപ കാർഷികവായ്പയായി നൽകിയിട്ടുണ്ട്.

കുരുമുളക് സംഭരണം

106 [1184] ശ്രീ സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച കുരുമുളക് സംഭരണം കാര്യക്ഷമമായി നടക്കുന്നില്ലെന്നതും കർഷകർക്ക് ഇതുവഴി കാര്യമായ പ്രയോജനം ലഭിച്ചിട്ടില്ലെന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഭരണം പ്രഖ്യാപിച്ച കാലത്തെ വിലയും ഇപ്പോഴത്തെ വിലയും സർക്കാർ നിശ്ചയിച്ച സംഭരണ വിലയും എത്രയാണ്;

(സി) ഏതൊക്കെ ഏജൻസികളെയാണ് കുരുമുളക് സംഭരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതിനായി എത്ര രൂപ അനുവദിച്ചു;

(ഡി) നാളിതുവരെ എത്ര കർഷകരിൽ നിന്ന് എത്ര കിലോ കുരുമുളക് സംഭരിച്ചു എന്നും എത്ര രൂപ വിലയായി നൽകി എന്നും അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

		കിലോയ്ക്ക്
(ബി)	സംഭരണം പ്രഖ്യാപിച്ച സമയത്തെ വില	56 രൂപ
	ഇന്നത്തെ വില	49-59 രൂപ വരെ.
	സംഭരണ വില	75 രൂപ

(സി) കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷനെയാണ് സംസ്ഥാനത്ത് കുമുമുളക് സംഭരണത്തിനായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനായി 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) വിശദവിവരം ചുവടെ ചേർക്കുന്നു:

ജില്ല	കർഷകരുടെ എണ്ണം	സംഭരിച്ച കുരുമുളക് (മെട്രിക് ടണ്ണിൽ)	നൽകിയ വില
ഇടുക്കി	338	47.248	75 രൂപ
വയനാട്	667	91.466	നിരക്കിൽ
പാലക്കാട്	118	10.56	കർഷകർക്ക്
മലപ്പുറം	48	6.60	വില
പത്തനംതിട്ട	3	0.451	നൽകിയിട്ടുണ്ട്.
	1174	156.325	

പ്രകൃതിദത്ത ഉൽപ്പന്നങ്ങളുടെ നിർമ്മാണ വിപണന ശൃംഖല

107 [1185] ശ്രീ. ജോണ് നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയറും അനുബന്ധ വ്യവസായവും ഇന്ന് അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ നേരിടുവാനായി പ്രകൃതിദത്ത ഉൽപ്പന്നങ്ങളുടെ നിർമ്മാണ വിപണന ശൃംഖല വ്യാപിപ്പിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമൂലം കയർ മേഖലയ്ക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കയർവ്യവസായം ഇന്ന് നേരിടുന്ന പ്രധാന പ്രശ്നമായ ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിന് അന്യ സംസ്ഥാനങ്ങളിൽ നിന്നും ലക്ഷദ്വീപിൽ നിന്നും കയർഫെഡ്, കയർ കോർപ്പറേഷൻ വഴി ചകിരി വാങ്ങി വിതരണം ചെയ്തു. ചകിരി ഇറക്കുമതിക്കുള്ള നടപടി എടുത്തുവരുന്നു. സംസ്ഥാനത്ത് ചകിരിയുൽപ്പാദനം വർദ്ധിപ്പി

LIBRARY ARCHIVES Kerala Legislative Assembly